DESPATCHED On 23-06-20

01/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2368*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13095**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.റോബിൻ ബേസിൽ,
തുണ്ടിൽ ഹൗസ്, കൊട്ടിയം പി.ഒ.,
കൊല്ലം – 691 571.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട് (ഇൻസ്പെക്ഷൻ),
താലൂക്ക് ഓഫീസ്, കൊല്ലം.

2. അപ്പീൽ അധികാരി&
തഹസിൽദാർ (ഭൂരേഖ),
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.06.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.07.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.08.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.റോബിൻ ബേസിൽ, 15.11.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 16.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് AP.No.2368(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന്മേൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ടിയാന് ലഭ്യമായ വിവരങ്ങൾ സൗജന്യമായി നൽകാൻ അപ്പീൽ അധികാരി ഉത്തരവായെന്നും എന്നിട്ടും ടിയാന് വ്യക്തതയില്ലാത്ത വിവരങ്ങളാണ് നൽകിയതെന്നും തൃപ്തികരമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 06.06.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.06.2018ന് നൽകിയ മറുപടിയിൽ 15.09.2015, 23.12.2016, 16.03.2018 തീയതിയിലെ സർവ്വെയറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമാണെന്നും ആയതിന് ആകെ 3 പേജുകളുണ്ടെന്നും പേജൊന്നിന് 2/- രൂപാ ക്രമത്തിൽ 6/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണെന്നും ടിയാന്റെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന സർവ്വെ നമ്പരുകൾ അളന്ന് പരിശോധിച്ച് താലൂക്ക് സർവ്വെയർ സ്കെച്ച് തയ്യാറാക്കിയിട്ടില്ലെന്നും മറ്റു വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ആയത് ഏത് ഓഫീസിൽ ലഭ്യമെന്നുറപ്പില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ കൈമാറാൻ സാധിച്ചില്ലെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 10.07.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 10.08.2018ന് നൽകിയ മറുപടിയിൽ ടിയാനെ നേരിൽ കേൾക്കുകയും 28.04.2018ൽ സർവ്വെയർ കനാൽ പുറംപോക്ക് അളന്നുവെന്നും ആയതിന്റെ സ്കെച്ചും വിവരങ്ങളുമാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ടി സാഹചര്യത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ലഭ്യമായ വിവരങ്ങൾ സൗജന്യമായി ടിയാന് നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. 15.12.2018ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 23.06.2018ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും 10.08.2018ൽ ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്നും 10.08.2018ലെ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് ടിയാന് അയച്ചു നൽകിയത് 14.09.2018ൽ ടിയാൻ കൈപ്പറ്റിയെന്നുമാണ്.

2

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് തൃപ്തികരമായ വിവരങ്ങൾ ലഭ്യമായില്ലെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരന്റെ അപേക്ഷയും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്ന C.14.8409/14 –ാം നമ്പർ പ്രകാരമുള്ള വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്നും കെ.ഐ.പി. കനാലിന്റെ നിർമ്മാണത്തിന് എത്ര വസ്തു വാങ്ങി ഉപയോഗിച്ചു, മിച്ചംവന്നു എന്നത് സംബന്ധിച്ച ആധികാരിക രേഖകളും വിവരവും ടി ഓഫീസിൽ ലഭ്യമല്ലെന്നും ടി വിവരങ്ങൾക്ക് കെ.ഐ.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമാണെന്ന് നിശ്ചയമുണ്ടായിരുന്നെങ്കിൽ ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ടി ഓഫീസിലേയ്ക്ക് കൈമാറി വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടിയാന്റെ അപേക്ഷ കെ.ഐ.പി. ഓഫീസിലേയ്ക്ക് കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 1–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/